**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 876** **06-02-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ ഗതാഗത സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി കടുകുമണ്ണ ഊരിൽ നിന്നും ഗർഭിണിയെ തുണി മഞ്ചലിലേറ്റി ആംബുലൻസിൽ കയറ്റേണ്ടി വന്ന സംഭവം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്. സർക്കാർ ഈ വിഷയം പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.** |
| (ബി) | ഭവാനി പുഴയ്ക്ക് അക്കരെ കുറുമ്പ വിഭാഗത്തിൽപ്പെട്ട 180 ഓളം കുടുംബങ്ങൾ താമസിക്കുന്ന ഊരുകളിലേക്ക് ഗതാഗത യോഗ്യമായ റോഡ് ഇല്ലെന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | **ഭവാനി പുഴയ്ക്ക് അക്കരെയുള്ള കുറുമ്പ ഊരുകളിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു.** |
| (സി) | സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ മതിയായ ഗതാഗത സൗകര്യവും വൈദ്യുതിബന്ധവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ ഇനിയും വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബി, അനർട്ട് എന്നിവ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതീകരിക്കുവാൻ സാധ്യമാകുന്ന എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ വൈദ്യുതി വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദൂരപ്രദേശങ്ങളിലായി സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ്, ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിനായി വനാവകാശം (വികസനാവകാശം) വഴി അനുമതി ലഭ്യമാക്കി റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ വിദൂരസ്ഥിത കോളനികളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇടമലക്കുടി റോഡ് നിർമ്മാണത്തിനുള്ള 13.7 കോടി രൂപയുടെ ഭരണാനുമതിയും തുകയും അനുവദിച്ച ഉത്തരവായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ